Mr. M. D. Narayana Ayyar.—No roads which are not thrown open to all castes and communities are maintained by the Government from public funds.

Mr. K. T. Mathew.—May I know whether the roads within the fort at Trippunittura have been thrown open to all and by whom they are maintained, by the P. W. D. or some other Department ?

Mr. M. D. Narayana Ayyar.—Their maintenance is now attended to by the P. W. D. but the expenditure is debited to Devaswams.

Mr. K. T. Mathew.—From which date ?

Mr. M. D. Narayana Ayyar.—November 1930 or 1931.

Overlooking of claims for appointments in the Public Works Department.

249. Mr. K. M. Ibrahim.—Will the Government be pleased to state whether they have overlooked the claims of any in appointments under the Public Works Department (both Executive and Ministerial);

(b) if they have, why?

Mr. M. D. Narayana Ayyar.—No.

(b) The question does not arise in view of the reply to the above.

Monthly expenditure for the establishment of the department of the Protector of the Depressed Classes.

250. മിസ്റ്റർ കെ. പി. വള്ളോൻ.—സംരക്ഷണ ഡിപ്പാർട്ട്മെണ്ടിലുള്ള സകല ഉദ്യോഗസ്ഥന്മാർക്കും കൂടി ശമ്പളം, അലവൻസ്, ട്രാവലിംഗ് അലവൻസ് എന്നീ വകക്കു മാസത്തിൽ എത്രമാത്രം വരുന്നുണ്ടു?

രാമവർമ്മതമ്പുരാൻ.—മാസത്തിൽ ഏ വ്യ ക. യോളം വരുന്നുണ്ടു.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇതിൽ വല്ല തുകയും അധികതുക കിട്ടുന്നുണ്ടോ?

രാമവർമ്മതമ്പുരാൻ.—ഇതു ഡിപ്പാർട്ട്മെണ്ടിലേക്കുള്ള ചിലവിൽപെട്ടതാണു, ഡിപ്പാർട്ട്മെണ്ടിൽ അധികതുകയുണ്ടെങ്കിൽ അവക്കും കിട്ടുന്നുണ്ടായിരിക്കും.

മിസ്റ്റർ പി. കുമാരൻ എഴുത്തച്ഛൻ.—ഈ ഏ വ്യ ക. യിൽ വല്ലതും കിട്ടുന്ന അധികതുകയുണ്ടോ എന്നാണു ചോദ്യം.

രാമവർമ്മതമ്പുരാൻ.—അധികതുകയുണ്ടു.

മിസ്റ്റർ പി. കുമാരൻ എഴുത്തച്ഛൻ.—ഇതിൽ ഏകദേശം ഈ തുക സംഖ്യ ഓരോരുത്തർക്കു കിട്ടുന്നുണ്ടെന്നറിഞ്ഞാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

രാമവർമ്മതമ്പുരാൻ.—അവരുടെ സമ്പളം ഉൾപ്പടെ ഏകദേശം ഒരു മാസത്തിൽ അൻപതോ അറുപതോ ഉറുപ്പിക വരുമായിരിക്കാം.

Irregular disbursement of stipends to Depressed Classes pupils.

251. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃത വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പൻഡ് ന്യായമായും കൃത്യസമയത്തും കൊടുക്കുകൊടുന്നില്ലെന്നുള്ള ആക്ഷേപം വല്ലതും ഗവർമ്മെണ്ടിലേക്കു കിട്ടീട്ടുണ്ടോ; ഉണ്ടെങ്കിൽ ആ വിഷയത്തിൽ എന്തു ചെയ്തു?

രാമവർമ്മതമ്പുരാൻ.—പള്ളുരുത്തി എസ്. എസ്. ഹൈസ്കൂളിൽ പഠിക്കുന്ന ഇണ്ണാത്തി എന്ന വിദ്യാർത്ഥി സ്റ്റൈപ്പൻഡ് കിട്ടുന്നില്ലെന്നു പറഞ്ഞ് ഒരു ഹർജി അയച്ചിരുന്നു. ടി വിദ്യാർത്ഥി വർഷക്ലാസിൽ തോറ്റുപോയതുകൊണ്ടാണ് സ്റ്റൈപ്പൻഡ് അനുവദിക്കാതിരുന്നതെന്ന് അന്വേഷണത്തിൽ അറിയുന്നു.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇതുവരെയും ഒരു ഹർജി മാത്രമെ കിട്ടീട്ടുള്ളോ?

രാമവർമ്മതമ്പുരാൻ.—അതേയുള്ളു.

മിസ്റ്റർ പി. എസ്സ്. കേശവൻനമ്പൂതിരി.—ഒരു കുട്ടി ഒരു ക്ലാസിൽ തോറ്റാൽ പിന്നെ ആ ക്ലാസിൽ പഠിക്കുന്നതിനു് അയാൾക്കു സ്റ്റൈപ്പൻഡ് കൊടുക്കാറില്ലേ?

മിസ്റ്റർ ഐ. എൻ. മേനോൻ.—ഇപ്പോൾ നിലവിലിരിക്കുന്ന രൂൾ പ്രകാരമാണ് സ്റ്റൈപ്പൻഡ് കൊടുത്തുവരുന്നതു്. ഒരിക്കൽ തോറ്റാൽ പിന്നെ അയാൾക്ക് ആ ക്ലാസിൽ സ്റ്റൈപ്പൻഡ് കൊടുക്കാറില്ല. രണ്ടാമതും സ്റ്റൈപ്പൻഡ് കൊടുക്കണമെന്നു ഗവർമ്മെണ്ടു സാങ്ഷൻ വന്നാൽ കൊടുക്കാറുണ്ടു്.

മിസ്റ്റർ കെ. എം. ഇബ്രാഹിം—ഇപ്പോൾ നിലവിലിരിക്കുന്ന ആ രൂൾ ഒന്നു മാറ്റരുതോ?

മിസ്റ്റർ ഐ. എൻ. മേനോൻ.—അതിപ്പോൾ മാറ്റാൻ നിവൃത്തിയില്ല. അതിലേക്കു വേണ്ടതു് ആലോചിച്ചു ചെയ്യാമെന്നേ പറയാൻ തരമുള്ളു.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—അധഃകൃത വിദ്യാർത്ഥികൾ ഒരു ക്ലാസിൽ തോറ്റാൽ ഇപ്പോഴത്തെ സാമ്പത്തികാധഃപതനം മൂലം സ്റ്റൈപ്പൻഡു കൊടുത്തില്ലെങ്കിൽ പഠിക്കുന്നതിനു് കുറച്ചധികം ബുദ്ധിമുട്ടുണ്ടു്. ആ നിലക്കു് അവരെ സഹായിക്കണമെന്നു് ആവശ്യപ്പെടുന്നതു യുക്തിപൂർവ്വമല്ലേ?

മിസ്റ്റർ ഐ. എൻ. മേനോൻ.—യുക്തി മറ്റേ ഭാഗത്തും നോക്കണ്ടേ? പണം കൊടുത്താലും പാസാകുന്നില്ലല്ലോ. പിന്നെ എന്തിനാണു കൊടുക്കുന്നതു് എന്നുദ്ദേശിച്ചു് ഗവർമ്മെണ്ടു ചെയ്തിട്ടുള്ള ഒരു നിശ്ചയമാണിതു്. ഇങ്ങനെ ചെയ്യേണ്ടതു്

LIBRARY ARCHIVES Kerala Legislative Assembly